LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തര വിനോദസഞ്ചാരം വർദ്ധിപ്പിക്കുന്നതിന് നടപടി

60 [1148] ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആഭ്യന്തര വിനോദസഞ്ചാരം വർദ്ധിപ്പിക്കുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം മേഖലകളിലാണ് ആഭ്യന്തര ടൂറിസം പ്രോത്സാഹിപ്പിക്കുവാനുള്ള പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ ആന്റ് ബി) സംസ്ഥാനത്ത് ആഭ്യന്തര വിനോദസഞ്ചാരത്തിന് വളരെയധികം പ്രാധാന്യം വകുപ്പ് നൽകുന്നുണ്ട്. ഇതിന്റെ ഭാഗമായി ഇൻഡ്യയിലെ വിവിധ ഭാഗങ്ങളിലായി നടക്കുന്ന പ്രമുഖ ടൂറിസം മേളകളിൽ പങ്കെടുക്കുന്നതോടൊപ്പം തന്നെ പ്രധാന നഗരങ്ങളിൽ റോഡ് ഷോകളും വകുപ്പ് സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ വകുപ്പിന്റെ കേരളത്തിനുവെളിയിലുള്ള ഇൻഫർമേഷൻ സെന്ററുകൾവഴി കൂടുതൽ വിവരങ്ങൾ നൽകിവരുന്നുണ്ട്. പ്രധാന ദൃശ്യ-ശ്രവ്യ, അച്ചടി മാധ്യമങ്ങളിലൂടെയുള്ള പരസ്യം, വകുപ്പിന്റെ വെബ്സൈറ്റ്, ടോൾഫ്രീ ടെലഫോൺ എന്നിവ ഇതിനായി പ്രയോജനപ്പെടുത്തുന്നുണ്ട്.

പരവൂരിലെ ലേക്സാഗർ സ്വകാര്യ വ്യക്തിക്ക് കൈമാറുന്നതിനെതിരെ നടപടി

61 [1149] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ വ്യക്തി നടത്തിയിരുന്ന പരവൂരിലെ ലേക്സാഗർ കൊല്ലം ഡി.ടി.പി.സി. ഏറ്റെടുത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്വകാര്യ വ്യക്തിക്കുതന്നെ ഇത് കൈമാറാൻ നീക്കം നടക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല

(സി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.